# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 24** **November 2009** **No. 8**

# എഡിറ്റോറിയൽ

സൽപ്രവൃത്തികളിലും സാമൂഹ്യ സേവനങ്ങളിലും തങ്ങളുടെ ജീവിതം നയിക്കുന്നവർ ധാരാളം ഉണ്ട്. അതു മാത്രമാണ് തങ്ങളുടെ ലക്ഷ്യമെന്നാണ് അവർ കരുതുന്നത്. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾ ഒഴിവാക്കുവാനുള്ള അവരുടെ പരിശ്രമങ്ങൾ ശ്ലാഘനീയമാണ്. എല്ലാ മതങ്ങളിലും സൽപ്രവൃത്തികൾ ചെയ്യുവാനായി ആഹ്വാനം ചെയ്യുന്നുണ്ട്. എന്നാൽ നന്മ ചെയ്യുന്നതാണ് ഏറ്റവും വലിയ പുണ്യമെന്നോ അല്ലെങ്കിൽ അതിൽ എല്ലാം അടങ്ങിയിരിക്കുന്നു എന്നോ ചിന്തിച്ചാൽ അതു നീതിയുക്തമായിരിക്കയില്ല. കാരണം അതിനപ്പുറം ചില യാഥാർത്ഥ്യങ്ങളുണ്ട്. വേറെ ചിലരുടെ ചിന്ത എന്തെന്നാൽ ഏറ്റവും കൂടുതൽ നന്മ ചെയ്യുന്നതാണ് നല്ലതു എന്നാണ്. അപ്പോൾ തിന്മ കുറയും എന്നും അവർ കരുതുന്നു. മനുഷ്യരെ ദൈവം ഭൂമിയിൽ ആക്കിയിരിക്കുന്നതു പ്രവൃത്തി ചെയ്യുവാനാണ് എന്നതു വാസ്തവമാണ്. പക്ഷെ വേറെയും പ്രവൃത്തികളുണ്ട്. അതായതു നന്മ മാത്രം ചെയ്യുന്ന ഒരു നീതിമാനും ലോകത്തിലില്ല. നന്മയും തിന്മയും ഇടകലർന്നാണ് മനുഷ്യരിൽ കാണപ്പെടുന്നത്. മനുഷ്യർ തങ്ങളുടെ കഴിവനുസരിച്ചും സാഹചര്യമനുസരിച്ചും ആണ് പ്രവർത്തിക്കുന്നത്. അവർ വളർന്ന പശ്ചാത്തലവും അതിനെ ബാധിക്കും. അതുകൊണ്ട് ഓരോരുത്തരുടേയും പ്രവൃത്തികൾ വ്യത്യാസം ഉള്ളതായിരിക്കും. സമൂഹത്തിലെ ആളുകളുടെ കാഴ്ച്ചപ്പാട് പല വിധത്തിലാണ്. നന്മ ചെയ്യണമെന്നു മിക്കപേർക്കും

ആഗ്രഹമുണ്ട്. പക്ഷെ ചെയ്യുമ്പോഴേക്കും അതു തിന്മയാകുന്നു. നന്മ ചെയ്യണമെന്നറിഞ്ഞിട്ടു ചെയ്യാഞ്ഞാൽ അതു ആ വ്യക്തിയുടെ പാപം ആയി കണക്കിടുന്നു.

നന്മയെയും തിന്മയെയും അളന്നു ആളുകളെ വിലയിരുത്തുന്നത് സാധാരണയാണ്. പക്ഷെ അതു അപക്വമായ ഒരു പ്രവൃത്തിയാണ്. കാരണം ഒരു വ്യക്തിയുടെ ഹൃദയത്തിൽ എന്താണുള്ളത് എന്നു നമുക്ക് അറിയില്ല. നാം കാണുന്ന നന്മ ദൈവദൃഷ്ടിയിൽ പാപമായി തീർന്നേക്കാം. എന്നാൽ ദൈവത്തിനു ഓരോരുത്തരുടേയും ഹൃദയം അറിയാം. ഹൃദയം നമ്മെ കുറ്റം വിധിക്കുന്നില്ലെങ്കിൽ നമുക്ക് ദൈവത്തോടു പ്രാഗത്ഭ്യമുണ്ട്. നമ്മുടെ വിചാരങ്ങൾ അല്ല ദൈവത്തിന്റെ വിചാരങ്ങൾ. അതുകൊണ്ടു നാം നമ്മിൽ ആശ്രയിക്കാതെ ദൈവത്തിലും കർത്താവിന്റെ പരിജ്ഞാനത്തിലും നാം വളരണം. നാം ദൈവത്തിന്നു നമ്മുടെ ഹൃദയത്തിൽ സ്ഥാനം കൊടുക്കണം. യേശു ദൈവപുത്രനാണെന്നുള്ള ബോധം വേണം, ദൈവത്തിൽ വിശ്വസിക്കേണ്ട പ്രാധാന്യം മനുഷ്യർ വിട്ടു കളയുന്ന സ്ഥിതി ഉണ്ടാകരുത്. തിന്മയേക്കാൾ അധികം നന്മ ചെയ്യുന്നുണ്ട് എന്ന് അവകാശപ്പെടുന്നതും മറ്റുള്ളവരുടെ പ്രവൃത്തികളും തങ്ങളുടെ പ്രവൃത്തികളും താരതമ്യം ചെയ്തു തങ്ങൾ മറ്റുള്ളവരേക്കാൾ നല്ലവരാണ് എന്നു അവകാശപ്പെടുന്നവരും എല്ലാ മതങ്ങളിലുമുണ്ട്. പക്ഷെ ദൈവം അത്തരം മാനദണ്ഡങ്ങളെ പരിഗണിച്ചു പ്രവർത്തിക്കുന്നവനല്ല. എന്താണ് കാരണമെന്നു ഓർക്കുക. മനുഷ്യരുടെ നീതി പ്രവൃത്തികൾ ദൈവദൃഷ്ടിയിൽ കറയുള്ള ഒരു തുണി പോലെയാണ്. ദൈവനീതി എന്തെന്നാൽ കൃപയാൽ സൗജന്യമായി ദൈവത്തിന്റെ പ്രവൃത്തികളിൽ ആശ്രയിക്കുന്നവരെ രക്ഷിക്കുക എന്നതാണ്. കാരണം മനുഷ്യർക്ക് അവരുടെ തെറ്റുകൾക്കു മറുവില കൊടുക്കുവാൻ കഴിയുകയില്ല. ദൈവനീതിയും ദൈവനിയമവും ഉയർന്നതാണ്. ആ നിലവാരത്തിലെത്തുവാൻ മനുഷ്യർക്ക് സ്വയമായി ഒരിക്കലും കഴിയുകയില്ല. അതുകൊണ്ടാണ് പാപിയെ പാപരഹിതമാക്കി തീർക്കുവാൻ യേശുവിനെ മനുഷ്യന്റെ പാപമാക്കി തീർത്തത്.

ദൈവം മനുഷ്യരുടെ എല്ലാ തൂക്കി നോക്കലും മാറ്റിക്കളഞ്ഞു. ദൈവം പരിശുദ്ധനാണ്. പരിശുദ്ധനായ ദൈവത്തോട് പാപികളായ

മനുഷ്യർക്ക് ബന്ധപ്പെടുവാൻ യേശുക്രിസ്തു യാഗമായി തീർന്നു. അങ്ങനെ അവന്റെ രക്തം ചിന്തി മനുഷ്യർക്കു പാപമോചനം പൂർണ്ണമായും സാധ്യമാക്കി. പക്ഷെ മനുഷ്യർ ആ യാഗത്തോടു ബന്ധപ്പെടണമെന്നു മാത്രം. അതാണ് ദൈവത്തിന്റെ പുതിയ നിയമ വ്യവസ്ഥ. സകല മാനുഷസിദ്ധാന്തങ്ങളെയും മാറ്റി ദൈവത്തിന്റെ വെളിപ്പെടുത്തിയിരിക്കുന്ന പദ്ധതിയാണ് മനുഷ്യർ സ്വീകരിക്കേണ്ടത്. സകല മനുഷ്യരും അവരുടെ രക്ഷക്കു അഥവാ പാപമോചനത്തിനു നോക്കേണ്ടതു ക്രിസ്തുവിനെയാണ്. ക്രിസ്തുവിലാണ് രക്ഷയുള്ളത്. അവൻ നടന്നതുപോലെയാണ് നാം നടക്കേണ്ടത്. തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളുമായി നമ്മുടെ ജീവിതത്തിനു ബന്ധമുണ്ടോ എന്നു നാം വിലയിരുത്തണം.

ദൈവത്തിൽ ആശ്രയിക്കാതെ സൽപ്രവൃത്തികൾ മാത്രം ചെയ്തു ജീവിക്കുന്നവരുണ്ട്. അവരുടെ വിചാരം അതാണ് യഥാർത്ഥത്തിൽ ദൈവഭക്തി എന്നാണ്. അങ്ങനെയായിരുന്നു എങ്കിൽ ദൈവം യേശുക്രിസ്തുവിനെ മരിപ്പാൻ അയക്കേണ്ട ആവശ്യമില്ലായിരുന്നു. നിങ്ങൾക്കു ക്രിസ്തുവിൽ വിശ്വാസമുണ്ടോ? എങ്കിൽ അവന്റെ കല്പനകളിൽ വിശ്വസിക്കുക. അവന്റെ കല്പനകളിൽ വിശ്വാസം ഉണ്ടെങ്കിൽ നിങ്ങളുടെ പാപസ്വഭാവത്തെ ഉപേക്ഷിക്കുകയും ദൈവവഴിയിലേക്കു തിരിയുകയും ചെയ്യുക. യേശു ദൈവത്തിന്റെ പുത്രനാണെന്ന വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു പാപമോചനത്തിനായി സ്നാനം ഏല്ക്കുകയും വേണം. തുടർന്നു വിശ്വസ്തമായി മരണത്തോളം കർത്താവിന്റെ സഭയിൽ ജീവിക്കണം. ഈ സമയത്തു നിങ്ങൾ സകല സൽപ്രവൃത്തിയിലും തികഞ്ഞവൻ ആകുവാൻ നല്കിയിരിക്കുന്നതാണ് വചനം. ദൈവത്തെ വചനപ്രകാരം ആരാധിക്കുകയും സേവിക്കുകയും ചെയ്യുന്നതു ദൈവത്തെ മഹത്വപ്പെടുത്തുന്നതിനാണ്. നമുക്ക് പ്രശംസിപ്പാനായി ഉള്ളത് യേശുക്രിസ്തു നമുക്കുവേണ്ടി ചെയ്ത പ്രവൃത്തികൾ മാത്രമാണ്. സ്വന്ത പ്രവൃത്തിയിൽ ആശ്രയിക്കാതെ എല്ലാവരും ദൈവത്തെ അനുസരിച്ച് സൽപ്രവൃത്തി ചെയ്യുവാൻ ഒരുങ്ങുക.

# വാർത്തകൾ

## 'ചാത്തൻ' മരുന്ന്: അന്വേഷിക്കാൻ മന്ത്രിയുടെ നിർദേശം

മെഡിക്കൽ സർവീസസ് കോർപറേഷനിൽ നിലവാരമില്ലാത്ത മരുന്നുകൾ എത്തുന്നതിനെ കുറിച്ചു അന്വേഷിച്ചു റിപ്പോർട്ട് നൽകാൻ ആരോഗ്യമന്ത്രി പി.കെ. ശ്രീമതി നിർദേശം നൽകി. രാജപാളയത്തെ കോട്ടൺ ഗോസ് നിർമ്മാണ ഫാക്ടറിയും അമൃത്സറിലെ മരുന്നുൽപാദന കേന്ദ്രവും വീണ്ടും പരിശോധിച്ചു റിപ്പോർട്ട് നൽകാൻ കോർപറേഷൻ അധികൃതരോടു മന്ത്രി ആവശ്യപ്പെട്ടു.

✶

## രണ്ടുരൂപയ്ക്ക് വിൽക്കേണ്ട അരി 17 രൂപയ്ക്ക് കടത്തിയത് പിടികൂടി

രണ്ടു രൂപയ്ക്കു വിൽക്കേണ്ട അരി 17 രൂപയ്ക്കു കടത്തിയതായി റേഷനിങ് കൺട്രോളറുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തി.

✶

## ഗർഭിണികൾ ഇരുമ്പും ഫോളിക് ആസിഡും കഴിച്ചാൽ കുട്ടികളുടെ മരണനിരക്ക് കുറക്കാം

ഗർഭിണികളായിരിക്കുന്ന സമയത്ത് ഇരുമ്പു ഗുളികയും ഫോളിക് ആസിഡും കൂടുതൽ കഴിച്ചാൽ കുട്ടികളുടെ മരണനിരക്ക് വളരെയധികം കുറയ്ക്കാൻ കഴിയുമെന്നു കണ്ടെത്തൽ.

✶

## തലയ്ക്കടിയേറ്റ് അമ്മ മരിച്ച കേസിൽ മകൻ അറസ്റ്റിൽ

തലയ്ക്കടിയേറ്റുവീണു പരുക്കേറ്റു ചികിൽസയിലിരിക്കെ വീട്ടമ്മ മരിച്ച കേസിൽ മകൻ അറസ്റ്റിലായി. കരകുളം മുല്ല ശേരി നെല്ലിവിളയിൽ ഭാവശ്രീയിൽ വിപിനചന്ദ്രനെയാണു മാതാവ് വിജയമ്മ (71) മരിച്ച കേസിൽ നെടുമങ്ങാട് പോലീസ് അറസ്റ്റു ചെയ്തത്.

★

## മകനെ ഉറക്കത്തിൽ പെട്രോളൊഴിച്ചു കൊല്ലാൻ ശ്രമം: പിതാവ് അറസ്റ്റിൽ

കുടുംബവഴക്കിനെത്തുടർന്ന് ഉറങ്ങിക്കിടക്കുകയായിരുന്ന മകനെ പെട്രോളൊഴിച്ചു തീകൊളുത്തി കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ പിതാവ് പോറസിനെ (52) അറസ്റ്റു ചെയ്തതായി കാഞ്ഞിരംകുളം പൊലീസ് അറിയിച്ചു.

★

## അമ്മയെ ആക്രമിച്ച മകനെ അച്ഛൻ വെട്ടി

പോത്തൻകോടിനു സമീപം നന്നാട്ടുകാവിൽ മാതാവിനെ ആക്രമിച്ച മകനെ പിതാവ് വെട്ടിപ്പരുക്കേൽപ്പിച്ചു. പോത്തൻകോട്, നന്നാട്ടുകാവ്, പനച്ചിവിളാകത്തു വീട്ടിൽ ബിജു (38) വിനാണ്ു പിതാവിന്റെ വെട്ടേറ്റത്.

★

## പാർക്കിൽ മലമൂത്ര വിസർജനത്തിനു ശ്രമിച്ചയാളെ തള്ളിയിട്ടുകൊന്നു:

പാർക്കിനുള്ളിൽ പ്രാഥമിക ആവശ്യം നിർവഹിക്കാൻ ശ്രമിച്ച ആളെ തള്ളിയിട്ടു കൊന്ന കേസിൽ സെക്യൂരിറ്റി ജീവനക്കാരനു തടവും പിഴയും വിധിച്ചു.

★

